"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- കോഴിക്കോട് വേളം ഗ്രാമപഞ്ചായത്തിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന- കുറ്റാരോപിതയ്ക്കെതിരെ അച്ചടക്കനടപടി- 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.933/2026/LSGD തീയതി,തിരുവനന്തപുരം, 29-04-2026

---

പരാമർശം:-

1. വിജിലൻസ് & കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25.05.2024-ലെ E14-(SC-124/2023/KKD) 41307/ 2023/DVACB നമ്പർ റിപ്പോർട്ട്
2. 05.09.2024-ലെ EWA2/40/2024-LSGD നമ്പർ കുറ്റപത്രവും കുറ്റാരോപണപത്രികയും
3. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി പ്രിയ എസ്. 22.10.2024 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക

**ഉത്തരവ്**

കോഴിക്കോട് വേളം ഗ്രാമപഞ്ചായത്തിൽ എട്ടാം വാർഡ് കുളിക്കുന്നതിൽ പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വേളം സാംസ്കാരികനിലയം, ഫെസിലിറ്റേഷൻ സെന്റർ ആക്കുന്നതിന് കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് 2023 വർഷം നടപ്പാക്കിയ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട SC 124/2023/KKD വിജിലൻസ് മിന്നൽപരിശോധനയിലെ കണ്ടെത്തലുകളുടെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ കുറ്റാരോപിതയായ വേളം ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി പ്രിയ എസ്.(PEN-857085)-നെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ **ചട്ടം 15** പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് പരാമർശം 2 കുറ്റപത്രം/കുറ്റാരോപണപത്രിക നൽകി. കുറ്റാരോപിത കുറ്റങ്ങൾ നിഷേധിച്ചുകൊണ്ട് പരാമർശം 3 പ്രതിവാദപത്രിക ലഭ്യമാക്കിയിട്ടുണ്ട്.

**2.** ചട്ടപ്രകാരമുള്ള നടപടിക്രമത്തിന്റെ ഭാഗമായി, വേളം ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി പ്രിയ എസ്.-നെതിരെയുള്ള അച്ചടക്കനടപടിയിൽ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി കോഴിക്കോട് കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി സരിത കെ.എ.(PEN-693509)-യെ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥയായി നിയോഗിച്ച് ഉത്തരവാകുന്നു.

**3. 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, Manual of Disciplinary Proceedings എന്നിവയിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് കുറ്റപത്രം / കുറ്റാരോപണപത്രികയിൽ ആരോപിച്ചിട്ടുള്ള കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും വാദിഭാഗം, പ്രതിഭാഗം, സാക്ഷിമൊഴികൾ, അന്വേഷണ ഉദ്യോഗസ്ഥയുടെ അഭിപ്രായം എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ഔപചാരിക അന്വേഷണ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥ 45 ദിവസങ്ങൾക്കകം സമർപ്പിക്കേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീമതി സരിത കെ.എ. (PEN-693509),അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട്
2. ശ്രീമതി പ്രിയ എസ്. (PEN-857085), മുൻ അസിസ്റ്റന്റ് എഞ്ചിനീയർ, വേളം ഗ്രാമപഞ്ചായത്ത്

   **(1, 2 ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം **(ഉത്തരവ് പ്രകാരമുള്ള അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതിനായി)**
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
5. സ്റ്റോക്ക് ഫയൽ (EWA2/40/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 29-04-2026 11:19:55
സെക്ഷൻ ഓഫീസർ